THURSDAY 07-10-2021 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**


**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananhapuram -695003**
**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**
**Telephone : 0471 - 2318186, 2317314**

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) –07/10/2021

1. കാർഷിക മേഖലയിലെ ഇൻപുട്ട് ഡീലർമാർക്കായി നടത്തുന്ന ഡിപ്ലോമ ഇൻ അഗ്രിക്കൾച്ചർ എക്സ്റ്റൻഷൻ സർവീസസ് ഫോർ ഇൻപുട്ട് ഡീലേഴ്സ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. കൃഷിഭവനുകളുമായി ബന്ധപ്പെട്ട് കൃഷി ഓഫീസറുടെ ശുപാർശ സഹിതം ഈ മാസം 11 നു (ഒക്ടോബർ 11-ന്) മുമ്പായി തിരുവനന്തപുരം ആത്മ പ്രോജക്ട് ഡയറക്ടറേറ്റിൽ അപേക്ഷ നൽകണമെന്ന് ആത്മ പ്രോജക്ട് ഡയറക്ടർ അറിയിച്ചു.

2. ഇന്ത്യൻ ദേശീയ കാർഷിക വികസന കൗൺസിലിന്റെ (ICAR) ആഭിമുഖ്യത്തിൽ സുസ്ഥിരവും, കൃത്യതയാർന്നതുമായ മൃഗസംരക്ഷണം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി കോളേജ് വിദ്യാർത്ഥി കൾക്കിടയിൽ **"കൃതാഗ്യ"** എന്ന പേരിൽ ഒരു ഹാക്കത്തോൺ സംഘടിപ്പിക്കുന്നു. കോളേജ് തലത്തി ലുള്ള വിദ്യാർത്ഥികൾക്കിടയിൽ നിന്നും നൂതന സംരംഭക ആശയങ്ങൾ മത്സരാടിസ്ഥാനത്തിൽ ശേഖ രിച്ച് അവയിൽ ഏറ്റവും നല്ല ആശയങ്ങൾക്ക് സാമ്പത്തിക സഹായം നൽകുകയും അത് വഴി പ്രസ്തുത ആശയങ്ങൾ പ്രയോഗത്തിൽ വരുത്തുക എന്നതുമാണ് ഹാക്കത്തോണിന്റെ ഉദ്ദേശ്യം. മൃഗസംരക്ഷണ പരി പാലന കാർഷിക രംഗത്ത് ജോലിഭാരം കുറയ്ക്കാനാവശ്യമായ വിവര സാങ്കേതിക സാധ്യതകൾ വികസിപ്പിക്കുന്നത് ഉൾപ്പെടെ പതിനഞ്ചോളം മേഖലയിലാണ് പ്രോജക്ടുകൾ ക്ഷണിച്ചിരിക്കുന്നത്. രാജ്യ മെമ്പാടുമുള്ള വിവിധ കലാലയങ്ങളിലെ വിദ്യാർത്ഥികളും അദ്ധ്യാപകരും, സംരംഭകരും അടങ്ങുന്ന നാല് പേരുൾപ്പെട്ട ഒരുടീമാണ് പദ്ധതികൾ സമർപ്പിക്കേണ്ടത്. ദേശീയതലത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന ഏറ്റവും നല്ല ആശയങ്ങൾക്ക് 5 ലക്ഷം, 3 ലക്ഷം, ഒരുലക്ഷം എന്നീ രീതിയിൽ ക്യാഷ് ആവാർഡ് ലഭിക്കും. താൽപ ര്യമുള്ള വിദ്യാർത്ഥികൾക്ക് ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ ഔദ്യോഗിക വെബ്സൈറ്റി ലൂടെ https:\\nahep.icar.gov.in"Kritagya" ഈ മാസം 10-ാം തിയതിയ്ക്ക് മുമ്പായി അപേക്ഷി ക്കാവുന്നതാണ്. നടപ്പാക്കാൻ പോകുന്ന പദ്ധതിയുടെ സംക്ഷിതരൂപം പ്രസന്റേഷൻ രൂപത്തിൽസമർപ്പിക്കു

കയുംവേണം. കൂടുതൽ വിവരങ്ങൾക്ക് 6238227528 എന്ന ഫോൺ നമ്പരിലോ dsw@kvasu.ac.in എന്ന ഈ - മെയിൽവിലാസത്തിലോ നോഡൽ ഓഫിസറുമായി ബന്ധപ്പെടുക.

3. റബ്ബർകർഷകർക്ക് ന്യായമായ വില ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ കേരളസർക്കാർ നടപ്പാക്കിവരുന്ന റബ്ബറുത്പാദന പ്രോത്സാഹന പദ്ധതിയുടെ ഏഴാം ഘട്ടം നടപ്പാക്കുന്നു. കേരളത്തിലെ കർഷകർ ഉത്പാദിപ്പിക്കുന്ന റബ്ബറിന് (ആർഎസ്എസ് 4) കിലോഗ്രാമിന് കുറഞ്ഞത് 170 രൂപ ഉറപ്പാക്കുന്നതാണ് ഈ പദ്ധതി. നിലവിൽ പദ്ധതിയിൽ അംഗങ്ങളാകാത്ത കർഷകർക്ക് രജിസ്റ്റർ ചെയ്യാൻ അവസരമുണ്ടായിരിക്കുന്നതാണ്. ഇതിനായി നിശ്ചിത ഫോറത്തിൽ അടുത്തുള്ള റബ്ബറുത്പാദകസംഘത്തിൽ അപേക്ഷ നൽകണം. അപേക്ഷയോടൊപ്പം അപേക്ഷകന്റെ ഫോട്ടോ, റബ്ബർ നിൽക്കുന്ന സ്ഥലത്തിന്റെ തന്നാണ്ട് കരം അടച്ച രസീത്, ബാങ്ക് പാസ്ബുക്കിന്റെയും ആധാർ കാർഡിന്റെയും കോപ്പി എന്നിവ ഹാജരാക്കണം. ആറാംഘട്ടത്തിൽ രജിസ്ട്രേഷൻ പുതുക്കാത്ത ഗുണഭോക്താക്കൾ 2020-21 വർഷത്തെ ഭൂനികുതി രസീതും പുതുക്കലിനായി സമർപ്പിക്കേണ്ടതാണ്. 2021 ജൂലൈ ഒന്ന് മുതലുള്ള ബില്ലുകളാണ് പരിഗണിക്കുക. . സെയിൽസ് ഇൻവോയ്സുകൾ / ബില്ലുകൾ എന്നിവ സാധുവായ ലൈസൻസുള്ള ഒരു ഡീലറിൽ നിന്നുള്ളതായിരിക്കണം. ഡീലർമാർ നിയമപരമായി വേണ്ട റിട്ടേണുകൾ എല്ലാം സമർപ്പിക്കുന്നവരുമായിരിക്കണം. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള റബ്ബർബോർഡ് ഓഫീസുമായി ബന്ധപ്പെടുക.

4. പായിപ്പാട് ഗ്രാമപഞ്ചായത്തിലെ 2021-22 വർഷത്തിൽ മൃഗസംരക്ഷണ വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലെ ഗുണഭോക്താക്കളെ മുൻഗണനാടിസ്ഥാനത്തിൽ പദ്ധതി നടത്തിപ്പിനായി ക്ഷണിക്കുന്നു. ഗുണഭോക്താക്കൾ ഈ മാസം 11 ന് (11.10.2021) 2 മണിയ്ക്ക് മുൻപായി മൃഗാശുപത്രിയുമായി ബന്ധപ്പെടേണ്ടതാണ്.

5. ചെങ്ങന്നൂർ സെൻട്രൽ ഹാച്ചറിയിൽ നിന്നും ഒരു ദിവസം പ്രായമായ അത്യുല്പാദന ശേഷിയുള്ള ജാപ്പനീസ് കാടക്കുഞ്ഞുങ്ങളെ 8 രൂപ നിരക്കിൽ തിങ്കൾ, വ്യാഴം ദിവസങ്ങളിൽ വിതരണം ചെയ്യപ്പെടുന്നു.

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ആവശ്യമുള്ള കർഷകർ **0479– 2452277, 0479 –2457778, 9495805541** എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് മുൻകൂറായി ബുക്ക് ചെയ്യേണ്ടതാണ്.

6. കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ 2021-22 ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് വിപണി ലഭ്യമാക്കുന്നതിനും വിളകൾക്ക് മന്തിയ വില ഉറപ്പാക്കുന്നതിനും, കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണം, ശേഖരണം, സംസ്ക്കരണം, വിപണനം എന്നീ സംവിധാനങ്ങൾ ശാക്തീകരിക്കുന്നതിനുമായി പഴം പച്ചക്കറികൾ മറ്റു കാർഷിക വിഭവങ്ങൾ എന്നിവ സംഭരിച്ച് ശീതീകരിച്ച് കേടുകൂടാതെ സൂക്ഷിച്ച് വിപണന ശൃംഖലയിലേക്ക് എത്തിക്കുന്നതിനുവേണ്ടി **താപനിയന്ത്രണ സൗകര്യമുള്ള വാൻ വാങ്ങുന്നതിനുള്ള പദ്ധതി** പ്രകാരം പ്രൈമറി അഗ്രി ക്രെഡിറ്റ് സൊസൈറ്റികൾക്ക് 50% (പരമാവധി 4 ലക്ഷം രൂപ) ധനസഹായം നൽകുന്നു. സ്റ്റാർട്ട് അപ്പുകൾ, കുടുംബശ്രീ യൂണിറ്റുകൾ, സ്വയം സഹായ സംഘങ്ങൾ / ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ /പഞ്ചായത്തുകൾ/ ഇക്കോഷോപ്പുകൾ/ഹോർട്ടികോർപ്പ് എന്നീ ഗുണഭോക്താക്കൾക്ക് 100 ശതമാനം (പരമാവധി 8 ലക്ഷം രൂപ) വരെ ധനസഹായം ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷി ഓഫീസുമായി ബന്ധപ്പെടുക.

7. കാർഷിക സർവ്വകലാശാലയുടെ വിവിധ ജൈവ രോഗ കീട നിയന്ത്രണോപാദികൾ, ജീവാണു വളങ്ങൾ, ജൈവ വളങ്ങൾ എന്നിവ വേങ്ങേരിയിലുള്ള സർവ്വകലാശാല സ്ഥാപനമായ കാർഷിക വിജ്ഞാന വിപണന കേന്ദ്രത്തിൽ ലഭ്യമാകുന്നു. കൂടുതൽ വിവരങ്ങൾക്ക് **0495 2935850** എന്ന നമ്പരിൽ ബന്ധപ്പെടുക.

**<u>പരിശീലന പരിപാടികൾ</u>**

8. ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ഇന്ന് (ഒക്ടോബർ 7-ന്) രാവിലെ 11 മണിക്ക് **"പോഷകമേറും ചെറു ധാന്യ പാടങ്ങൾ"** എന്ന വിഷയത്തിൽ എഫ്.ഐ.ബി കേരളയുടെ ഫേയ്സ്ബുക്ക് പേജിലൂടെ പരിശീലനം നടത്തുന്നു. https://www.facebook.com/fibkerala/ എന്ന ഫേയ്സ്ബുക്ക് പേജിൽ കൂടി പരിശീലനം തത്സമയം വീക്ഷിയ്ക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **9383470289** എന്ന നമ്പരിൽ ബന്ധപ്പെടുക.

9. ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രം മുഖേന ഇന്ന് (ഒക്ടോബർ 07-ന്) **ഇറച്ചിക്കോഴി വളർത്തൽ,** എന്ന വിഷയത്തിൽ പരിശീലനം നടത്തുന്നു. താല്പര്യമുള്ള കർഷകർ **0484-2631355** എന്ന

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഫോൺ നമ്പറിൽ വിളിച്ചോ **9188522708** എന്ന ഫോൺ നമ്പരിൽ പേരും പരിശീലന വിഷയവും വാട്സ് ആപ് സന്ദേശമയച്ചോ രജിസ്റ്റർ ചെയ്യാവുന്നതാണ്.

10. ഓച്ചിറ ക്ഷീരോത്പന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ഇന്ന് (ഒക്ടോബർ 07-ന്) രാവിലെ 11 മണി മുതൽ **കാലിത്തൊഴുത്ത് നിർമ്മാണം- ക്ഷീരകർഷകർ അറിയേണ്ടതെല്ലാം** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നു. പങ്കെടുക്കാൻ താത്പര്യമുള്ളവർ **9947775978** എന്ന വാട്സാപ്പ് നമ്പരിലേക്ക് പേരും മേൽവിലാസവും അയച്ചു നൽകിയോ **0476 2698550** എന്ന ഫോൺ നമ്പരിൽ വിളിച്ചോ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

11. തലയോലപ്പറമ്പ് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഇന്നും നാളെയുമായി (ഒക്ടോബർ 07, 08) **മുട്ടക്കോഴി വളർത്തൽ** എന്ന വിഷയത്തിൽ സൗജന്യ പരിശീലനം നടത്തുന്നതാണ് പങ്കെടുക്കാൻ താല്പര്യമുള്ളവർ 04829 234323 എന്ന ഫോൺ നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

12. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് ഇന്നും നാളെയുമായി (ഒക്ടോബർ 07, 08) **മുട്ടക്കോഴി വളർത്തൽ** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം നടത്തുന്നതാണ് പങ്കെടുക്കാൻ താല്പര്യമുള്ളവർ 0471 – 2732918 എന്ന ഫോൺ നമ്പറിൽ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്.

13. ആലത്തൂർ ക്ഷീരപരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 7-ന് (സെപ്റ്റംബർ 28 ന്) രാവിലെ 11 മണിക്ക് **ഭരണസമിതി അംഗങ്ങൾ അറിയേണ്ടതെല്ലാം** എന്ന വിഷയത്തിൽ ഗൂഗിൾ മീറ്റ് വഴി പരിശീലനം നടത്തുന്നു. പരിശീലന പരിപാടിയിൽ പങ്കെടുക്കാനായി http://meet.google.com/esm-uyaj-pni എന്ന ലിങ്ക് വഴി ജോയിൻ ചെയ്യുക. കൂടുതൽ വിവരങ്ങൾക്ക് **0492 – 2226040** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടാവുന്നതാണ്.